**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6223** **10-07-2024 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | എൻ.എച്ച്-85 ന്റെ ഭാഗമായ നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ വനം വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (എ) | എൻ.എച്ച്.85-ന്റെ ഭാഗമായ നേര്യമംഗലം പാലം മുതൽ വാളറ വരെയുള്ള ഭാഗം കടന്നു പോകുന്നത് 1895-ൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള മലയാറ്റൂർ - ഇടിയറ റിസർവ്വിനുള്ളിൽ കൂടിയാണ്. പ്രസ്തുത വിജ്ഞാപനത്തിൽ Right of way ഒന്നും അനുവദിക്കപ്പെട്ടിട്ടില്ല. നേര്യമംഗലം-വാളറ-അടിമാലി-മൂന്നാർ റോഡിന്റെ പരാമർശ ഭാഗം 1934 മുതൽ കാലാകാലങ്ങളിൽ വനംവകുപ്പിന്റെ അനുമതിയോടെ വീതി കൂട്ടി ഉപയോഗിച്ച് വരുന്നതാണ്. 15.05.1996-ലെ G.O(Ms) No.73/96/PW&T പ്രകാരം പ്രസ്തുത റോഡിന്റെ വീതി 100 അടിയായി നിശ്ചയിച്ച് PWD യ്ക്ക് കൈമാറുവാൻ ഉത്തരവായെങ്കിലും, ആയത് 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന് അനുസൃതമല്ല. പരാമർശ സ്ഥലം ഡിസ്റിസർവ്വ് ചെയ്യുകയോ, കേന്ദ്ര വനസംരക്ഷണ നിയമ പ്രകാരം divert ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ പരാമർശ വനഭൂമിയിൽ കൂടിയുള്ള പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന്, 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമപ്രകാരമുള്ള കേന്ദ്രാനുമതി ആവശ്യമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് അനുകൂലമായ വിധി ലഭിച്ചതിനെതിരെ വനം വകുപ്പ് അപ്പീലിന് പോകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആയത് സർക്കാർ പരിശോധനയിലാണ്. |
| (സി) | പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന പല കോടതി വിധികൾക്കെതിരെയും വനം വകുപ്പ് അപ്പീൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജന താത്പര്യ കോടതി വിധികൾക്കെതിരെയും സർക്കാർ തീരുമാനങ്ങൾക്കെതിരെയും വനം വകുപ്പ് അപ്പീൽ പോകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ